# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512

## വാർത്താക്കുറിപ്പ്(1)

**2023 ഒക്ടോബർ 07**

---

## എം.ജി സർവകലാശാലയിൽ ഇൻഡോർ സ്റ്റേഡിയവും സ്പോർടസ് കോംപ്ലക്സും; ധാരണാ പത്രം ഒക്ടോബർ 10ന് ഒപ്പുവയ്ക്കും

- **മന്ത്രിമാരായ ഡോ. ആർ. ബിന്ദു, വി. അബ്ദുറഹിമാൻ, വി.എൻ. വാസവൻ എന്നിവർ പങ്കെടുക്കും**

- **57 കോടി രൂപയുടെ പദ്ധതി**

- **തുക കിഫ്ബിയിൽനിന്ന്**

മഹാത്മാ ഗാന്ധി സർവകലാശാലയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഇൻഡോർ സ്റ്റേഡിയവും സ്പോർട്സ് കോംപ്ലക്സും നിർമിക്കുന്നതിനുള്ള ധാരണാ പത്രം ഒക്ടോബർ പത്തിന് ഒപ്പുവയ്ക്കും. സംസ്ഥാന സർക്കാർ കിഫ്ബി ഫണ്ടിൽനിന്ന് 57 കോടി രൂപ ചിലവിട്ടാണ് സർവകലാശാലാ കാമ്പസിനു സമീപമുള്ള നിലവിലെ ഗ്രൗണ്ടിൽ വിപുല സൗകര്യങ്ങളോടെ പുതിയ സ്റ്റേഡിയവും സ്പോർടസ് കോംപ്ലക്സും നിർമിക്കുന്നത്.

ഒരു സർവകലാശാലയിൽ കായിക അടിസ്ഥാന സൗകര്യ വികസനത്തിനായി സംസ്ഥാന സർക്കാർ ചിലവഴിക്കുന്ന ഏറ്റവും ഉയർന്ന തുകയാണിത്. മുൻകാല കായിക താരമായ സൂസൻ മേബിൾ തോമസിന്റെ പേരാണ് സ്റ്റേഡിയത്തിനും സ്പോർടസ് കോംപ്ലക്സിനും നൽകിയിരിക്കുന്നത്. സംസ്ഥാന സ്പോർട്സ് യുവജനകാര്യ മന്ത്രാലയം സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേനയാണ് പദ്ധതി നടപ്പാക്കുക.

രാവിലെ 9.30ന് സർവകലാശാലയിലെ അസംബ്ലി ഹാളിൽ നടക്കുന്ന ചടങ്ങ് ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം ചെയ്യും. സഹകരണ, രജിസ്ട്രേഷൻ

വകുപ്പ് മന്ത്രി വി.എൻ. വാസവൻ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കായിക മന്ത്രി വി. അബ്ദുറഹിമാൻ ധാരാണാ പത്രം ഏറ്റുവാങ്ങും.

മന്ത്രിമാരുടെ സാന്നിധ്യത്തിൽ സർവകലാശാലാ രജിസ്ട്രാർ ഡോ. ബി. പ്രകാശ്കുമാറും സംസ്ഥാന സ്പോർടസ് യുവജനകാര്യ ഡയറക്ടർ രാജീവ്കുമാർ ചൗധരിയുമാണ് ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുക.

തോമസ് ചാഴികാടൻ എംപി, കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. ബിന്ദു, സർവകലാശാലാ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ, ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആര്യ രാജൻ, അതിരമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സജി തടത്തിൽ, ജില്ലാ പഞ്ചായത്തംഗം റോസമ്മ സോണി, ബ്ലോക്ക് പഞ്ചായത്തംഗം ജെയിംസ് കുര്യൻ, ഗ്രാമപഞ്ചായത്തംഗം ജോഷി ഇലഞ്ഞിയിൽ, സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. റെജി സഖറിയ, ഡോ. ബിജു തോമസ്, ഡോ. എ. ജോസ്, സർവകലാശാലാ രജിസ്ട്രാർ ഡോ. ബി. പ്രകാശ് കുമാർ, കോട്ടയം ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ഡോ. ബൈജു വർഗീസ്, സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എൻജിനീയർ പി.കെ. അനിൽകുമാർ, സർവകലാശാലയിലെ സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സ് സയൻസസ് മേധാവി ഡോ. ബിനു ജോർജ് വർഗീസ് എന്നിവർ സംസാരിക്കും.

നിരവധി ദേശീയ, രാജ്യാന്തര കായിക താരങ്ങളെ സംഭാവന ചെയ്ത മഹാത്മാ ഗാന്ധി സർവകലാശാലയുടെയും അഫിലിയേറ്റഡ് കോളജുകളുടെയും കായിക മേഖലയിലെ വളർച്ചയ്ക്ക് ഊർജ്ജം പകരാൻ പുതിയ സ്റ്റേഡിയം കോംപ്ലക്സും ഇവിടുത്തെ അടിസ്ഥാന സൗകര്യങ്ങളും സഹായകമാകുമെന്ന് സർവകലാശാലാ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

സർവകലാശാലാ സിൻഡിക്കേറ്റ് അംഗങ്ങളായ പി. ഹരികൃഷ്ണൻ, ഡോ. ബി. കേരളവർമ, സർവകലാശാലാ രജിസ്ട്രാർ ഡോ. ബി. പ്രകാശ്കുമാർ, സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സ് സയൻസസ് മേധാവി ഡോ. ബിനു ജോർജ് വർഗീസ് എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

**സൂസൻ മേബിൾ ഇൻഡോർ സ്റ്റേഡിയം ആന്റ് സ്പോർടസ് കോംപ്ലക്സ് - വിശദാംശങ്ങൾ**

- പത്തു ലൈനുകളിലായി 400 മീറ്റർ സിന്തറ്റിക് ട്രാക്ക്, ലോംഗ്ജംപ്, ട്രിപ്പിൾ ജംപ്, ജാവലിൻ ത്രോ, ഹാമർ ത്രോ, ഷോട്ട്പുട്ട്, ഹൈജംപ്, പോൾ വോൾട്ട് എന്നിവയ്ക്കുള്ള പിറ്റുകൾ.സിന്തറ്റിക് ട്രാക്കിന് സുരക്ഷാ വേലി.

- ഒൻപതു ലൈനുകളുള്ള ഒളിമ്പിക് സൈസ് സ്വിമ്മിംഗ് പൂൾ. ഇതോടനുബന്ധിച്ച് ചേഞ്ച് റൂമുകൾ, ഷോവർ ഏരിയ, ലോക്കർ റൂം, റിസപ്ഷൻ കൗണ്ടർ, ഫിൽട്രേഷൻ പ്ലാന്റ്, സ്റ്റോർ മുറികൾ ഡൈവിംഗ് ബോർഡുകൾ എന്നിവയുണ്ടാകും. രണ്ട് ലൈഫ് ഗാർഡുകളുടെയും രണ്ട് പരിശീലകരുടെയും സേവനും സ്വിമ്മിംഗ് പൂളിലുണ്ടാകും.
- മൾട്ടി പർപ്പസ് ഫ്ളഡ്ലിറ്റ് ഇൻഡോർ സ്റ്റേഡിയം. 45 മീറ്റർ നീളവും 35 മീറ്റർ വീതിയുമുള്ള സ്റ്റേഡിയത്തിന്റെ തറ തേക്കുതടികൊണ്ട് പാനൽ ചെയ്താണ് ഒരുക്കുക. രണ്ട് വോളിബോൾ കോർട്ടുകൾ, ഒരു ബാസ്ക്കറ്റ്ബോൾ കോർട്ട്, ഒരു ഹാൻബോൾ കോർട്ട്, 8 ബാഡ്മിന്റൺ കോർട്ടുകൾ, ടേബിൾ ടെന്നീസ് അരീന, ലോക്കർ മുറികൾ, ചേഞ്ച് റൂമുകൾ, ടോയ്ലറ്റുകൾ, ബാത്ത് റൂമുകൾ, രണ്ട് സ്റ്റോർ മുറികൾ, നാലു തട്ടുകളിലായി ഗാലറി എന്നിവയും ഇൻഡോർ സ്റ്റേഡിയത്തിൽ ഉണ്ടാകും.
- അക്കാദമിയ കോംപ്ലക്സ്: ക്ലാസ് മുറികൾ-10, ഹ്യൂമൻ പെർഫോമൻസ് ലാബ്-3, ഐ.സി.ടി ലാബ്, സൈക്കോളജി ലാബ്, സ്പോർടസ് ഫിസിയോളജി ലാബ്, ലൈബ്രറി, പെർഫോമൻസ് അനാലിസിസ് ലാബ്, 250 ഇരിപ്പിടങ്ങളുള്ള സെമിനാർ ഹാൾ, ഡയറക്ടർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, അസിസ്റ്റന്റ് ഡയറക്ടർമാർ, പരിശീലകർ, അധ്യാപകർക്കായി ക്യുബിക്കിൾ പാർട്ടീഷ്യനോടുകൂടിയ ഹാൾ, 20 ഇരിപ്പിടങ്ങളുള്ള ബോർഡ് റൂം, റിസപ്ഷൻ ഏരിയ.
- കേന്ദ്രീകൃത സ്പോർട്സ് ഹോസ്റ്റൽ: പുതിയ സ്പോർട്സ് കോംപ്ലക്സിൽ പരിശീലനം നേടുന്ന സ്കൂൾ മുതൽ കോളജ് തലം വരെയുള്ള നൂറു വീതം പുരുഷ, വനിതാ അത്ലിറ്റുകളെ താമസിപ്പിക്കാൻ സൗകര്യമുള്ള ഹോസ്റ്റൽ, പുരുഷ വനിതാ താരങ്ങൾക്കായി പ്രത്യേക ഡൈനിംഗ് റൂം, മോഡേൺ കിച്ചൺ, പുരുഷൻമാർക്കും വനിതകൾക്കുമായി പ്രത്യേകം വാഷ് ഏരിയയും ബാത്ത് റൂമുകളും, പുരുഷ, വനിതാ പരിശീലകർക്കായി നാലു വീതം മുറികൾ, പുരുഷ വനിതാ വാർഡൻമാർക്കായി ഒന്നുവീതം മുറികൾ.
- ഗ്രൗണ്ടിന്റെ തെക്കുഭാഗത്ത് സംരക്ഷണ ഭിത്തി കെട്ടി സ്റ്റേഡിയത്തിനു ചുറ്റും മെഷ് ഫെൻസിംഗ് ക്രമീകരിക്കും.
- വിവിധ കായിക ഇനങ്ങൾക്കുള്ള ഉപകരണങ്ങൾ. സ്പോർട്സ് ഹോസ്റ്റലുകളിലേക്കുള്ള ഫർണീച്ചറുകൾ, സ്റ്റോർ മുറികളിലേക്കുള്ള ഉപകരണങ്ങൾ തുടങ്ങിയവയും പദ്ധതിയുടെ ഭാഗമായി തന്നെ ക്രമീകരിക്കും. ബാഡ്മിൻൺ, വോളി

ബോൾ, ബാസ്ക്കറ്റ്ബോൾ തുടങ്ങിയവയ്ക്കായി സൗകര്യമനുസരിച്ച് നീക്കം ചെയ്യാവുന്ന പോസ്റ്റുകളായിരിക്കും ഒരുക്കുക.

-----------------------------------------------------

(പി.ആർ.ഒ/39/1203/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**